171/23

Total Number of Questions : 20

Time : 2.00 Hours

Max. Marks : 100

1. കല്ലുവഴി സമ്പ്രദായത്തിൽ ചെമ്പട ഒന്നാം കാലം കലാശം, ഇരട്ടി, വട്ടംവെച്ചു കലാശം തുടങ്ങിയവ ഒരുമിച്ച് എടുക്കുന്ന കഥാപാത്രം ഏത് ? ആട്ടക്കഥ, സന്ദർഭം, ഏത് പദം തുടങ്ങിയവ എഴുതുക. (4 Marks)

2. ഇടക്കലാശങ്ങൾ എത്ര തരം ? അവ തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം ? ഉദാഹരണ സഹിതം എഴുതുക. (4 Marks)

3. കഥകളിയിൽ കഥാപാത്രങ്ങളുടെ രംഗപ്രവേശനം എത്ര തരത്തിലുണ്ട് ? ഓരോന്നിനും ഉദാഹരണസഹിതം എഴുതുക. (4 Marks)

4. കാർത്തവീരാർജ്ജുന വിജയം ആട്ടക്കഥയിലെ "കമലദളലോചനേ" എന്ന പദത്തിന്റെ അരങ്ങ് പ്രത്യേകതകൾ എഴുതുക. (4 Marks)

5. ചെമ്പയുദ്ധവട്ടം എത്ര തരത്തിലുണ്ട് ? ഓരോന്നിന്റെയും വ്യത്യാസങ്ങൾ എഴുതുക. (4 Marks)

6. ലക്ഷണയുക്തങ്ങളായ വാദ്യങ്ങൾ എത്ര തരം ? ശ്ലോകസഹിതം വ്യക്തമാക്കുക. (4 Marks)

7. കിർമ്മീരവധം കിർമ്മീരൻ കളരിപാഠവും അവതരണ സമ്പ്രദായവും വ്യക്തമാക്കുക. (4 Marks)

8. ബാലിവധം രാവണൻ അരങ്ങു സവിശേഷതകൾ വ്യക്തമാക്കുക. (4 Marks)

9. ഉത്തരാസ്വയംവരം ഉത്തരൻ മുതൽ പോരിനു വിളി കഴിയും വരെയുള്ള ഭാഗങ്ങളുടെ രംഗസൗന്ദര്യം വ്യക്തമാക്കുക. (4 Marks)

10. കുചേലവൃത്തം കഥയുടെ ആട്ടക്കഥാസാരം തയ്യാറാക്കുക. (4 Marks)

11. തായമ്പകയുടെ അടിസ്ഥാന ഘടനശൈലികളെ ആസ്പദമാക്കി വിശദീകരിയ്ക്കുക. (6 Marks)

12. കഥകളിയിൽ തേർകൂട്ടിക്കെട്ടൽ എടുക്കുന്ന കഥാപാത്രങ്ങൾ സന്ദർഭസഹിതം വിവരിയ്ക്കുക. (6 Marks)

13. ചെമ്പ ഒന്നാം കാലത്തിലുള്ള വട്ടംവെച്ചുകലാശത്തിന്റെ ഘടന, ആട്ടക്കഥ, കഥാപാത്രം, സന്ദർഭം, പദം എന്നിവ സഹിതം വ്യക്തമാക്കുക. (6 Marks)

P.T.O.

14. ഹനുമാൻ, ചെറിയ നരകാസുരൻ എന്നി കഥാപാത്രങ്ങളുടെ ശബ്ദവർണ്ണനാമേള പ്രയോഗത്തിന്റെ സവിശേഷതകൾ വിശദമാക്കുക. (6 Marks)

15. കോട്ടയത്തു തമ്പുരാന്റെയും, മണ്ട്രേടത്തു നമ്പൂതിരിയുടെയും ആട്ടക്കഥകളിലെ പ്രധാനപ്പെട്ട വലന്തലമേളങ്ങളുടെ സന്ദർഭവും, മേളപ്രയോഗവും വിശദീകരിയ്ക്കുക. (6 Marks)

16. കഥകളിയിലെ അവനദ്ധവാദ്യങ്ങൾ കഥാപാത്രങ്ങളുടെ സ്വഭാവരൂപീകരണത്തിന് വഹിക്കുന്ന പങ്ക് വിശദമാക്കുക. (6 Marks)

17. നളചരിതത്തിലെ കലി എന്ന കഥാപാത്രത്തിന്റെ അവതരണരീതി വിശദമാക്കുക. (6 Marks)

18. നിവാതകവച കാലകേയവധം ആട്ടക്കഥയെ ഇതര കോട്ടയം കഥകളിൽ നിന്നും വ്യത്യസ്തമാക്കുന്ന ഘടകങ്ങൾ വിശദമാക്കുക. (6 Marks)

19. "നൃത്തത്തിൽ ഒതുങ്ങി നില്ക്കാതെ നാട്യത്തിൽ നിറഞ്ഞു നില്ക്കുന്ന രചനയാണ് നളചരിതം". വിശദമാക്കുക. (6 Marks)

20. കോട്ടയം കഥകളേയും ദുര്യോധനവധം കഥയേയും കോർത്തിണക്കി മഹാഭാരത കഥ വിവരിക്കുക. (6 Marks)